**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5725** **16-03-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചിൻ ഷിപ്പ്‌യാർഡിനെ മാരിടൈം ഹബ്ബാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്തെ പ്രധാന തുറമുഖ നഗരമായ കൊച്ചിയുടെ വ്യവസായിക വാണിജ്യ വികസനത്തിന് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് നിലവിൽ രണ്ട് വലിയ ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 1799 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഡ്രൈ-ഡോക്ക് പദ്ധതിയും 970 കോടി രൂപ ചെലവ് വരുന്ന ഇന്റർനാഷണൽ ഷിപ്പ് റിപ്പയർ ഫെസിലിറ്റി (ഐഎസ്ആർഎഫ്) പദ്ധതിയുമാണിവ. ഈ പദ്ധതികൾ 2023 ഡിസംബറോടെ പൂർത്തിയാകും. അതോടൊപ്പം കപ്പൽ നിർമ്മാണ/കപ്പൽ റിപ്പയറിംഗ് ഇക്കോ സിസ്റ്റം മെച്ചപ്പെടുത്തുന്നതിന് കൊച്ചിൻ ഷിപ്പ് യാർഡ് മറ്റ് പല നടപടികളും സ്വീകരിച്ചുവരുന്നു. ഇതിലൂടെ കൊച്ചിയെ രാജ്യത്തും അന്താരാഷ്ട്ര തലത്തിലും ഒരു പ്രധാന കപ്പൽ നിർമ്മാണ, കപ്പൽ റിപ്പയർ കേന്ദ്രമാക്കി മാറ്റാനാണ് ശ്രമിക്കുന്നത്.<br><br>മാരിടൈം മേഖലയിലെ വ്യവസായ സംരംഭങ്ങളെ ഉൾപ്പെടുത്തി കൊച്ചി കപ്പൽശാല, കൊച്ചി തുറമുഖ അതോറിറ്റി എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ `കൊച്ചിൻ മാരിടൈം ക്ലസ്റ്റർ' നടപ്പാക്കി വരുന്നു. ഈ മേഖലയെ ഒരു സൺറൈസ് സെക്ടറായി തിരഞ്ഞെടുത്ത് അതിലൂടെ സംസ്ഥാനത്ത് മാരിടൈം വ്യവസായത്തിൽ കൂടുതൽ നിക്ഷേപവും, നിലവിലുള്ള സ്ഥാപനങ്ങളുടെ വികസനവുമാണ് ലക്ഷ്യം വയ്ക്കുന്നത്. അതിലൂടെ, കൊച്ചി കപ്പൽശാലയെ ലോകത്തിലെ തന്നെ മികച്ച കപ്പൽ നിർമ്മാണ റിപ്പയർ ശാലയാക്കുന്നതിനും, കൊച്ചി തുറമുഖത്തെ ഒരു ടോട്ടൽ സർവീസ് പ്രൊവൈഡർ ആക്കുന്നതിനുമുള്ള പ്രവർത്തങ്ങളുമാണ് കൈക്കൊണ്ടിട്ടുള്ളത്. |
| (ബി) | ഇതിന്റെ ഭാഗമായി കൊച്ചിൻ ഷിപ്പ്‌യാർഡിനെ മാരിടൈം ഹബ്ബാക്കാൻ നോർവീജിയൻ | (ബി) | ഉണ്ട് . |

| | | | |
|---|---|---|---|
| | കമ്പനിയുമായി സഹകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | | 2022 ഒക്ടോബറിൽ മുഖ്യമന്ത്രി നടത്തിയ വിദേശ സന്ദർശനത്തെത്തുടർന്ന് മാരിടൈം മൊണ്ടറിം ഗ്രൂപ്പ് എന്ന നോർവീജിയൻ സ്ഥാപനം അവരുടെ വ്യാപാരം വികസിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചിയിൽ ഒരു മറൈൻ അക്കൊമോഡേഷൻ സർവ്വീസ് തുടങ്ങുവാൻ താൽപര്യം പ്രകടിപ്പിക്കുകയും തുടർനടപടിയുടെ ഭാഗമായി 2023 ജനുവരി മാസം നോർവീജിയൻ സ്ഥാപന ഉടമകളുമായി മന്ത്രിതല യോഗം ചേരുകയും, തുടർന്ന് നോർവീജിയൻ സ്ഥാപനത്തിന്്റെ ആവശ്യങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നല്കുവാൻ കേരളം നിർദ്ദേശിച്ചിട്ടുള്ളതുമാണ് . |
| (സി) | നിലവിൽ വിദേശ കമ്പനികൾക്കുവേണ്ടി ഓട്ടോമാറ്റിക് ഇലക്ട്രിക് ബാർജുകൾ നിർമ്മിച്ച് നൽകിയ കൊച്ചിൻ ഷിപ്പ്‌യാർഡിന് കൂടുതൽ ബാർജുകൾ നിർമ്മിക്കുവാൻ ഓർഡറുകൾ ലഭിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | നോർവേ ആസ്ഥാനമായുള്ള ASKO Maritime AS-ന് വേണ്ടി രണ്ട് വൈദ്യുത ബാർജുകൾ വിതരണം ചെയ്തതിന് ശേഷം, വിവിധ തരത്തിലുള്ള ഗ്രീൻ വെസ്സൽസ്സ് കൂടുതൽ നിർമ്മിക്കുന്നത് സംബന്ധിച്ച് കൊച്ചിൻ ഷിപ്പ് യാർഡ് വിവിധ യൂറോപ്യൻ കമ്പനികളുമായി ചർച്ച നടത്തുകയുണ്ടായി. അടുത്തിടെ ഏകദേശം 500 കോടി രൂപ വീതം വില വരുന്ന രണ്ട് CSOV (കമ്മീഷനിംഗ് സർവ്വീസ്) ഓപ്പറേഷൻ വെസ്സൽ)-കളുടെ നിർമ്മാണത്തിനായി ഒരു യൂറോപ്യൻ ക്ലയന്റിൽനിന്നും ഒരു അന്തർദ്ദേശീയ ഓർഡർ ലഭിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ അത്തരത്തിലുള്ള നാല് വെസ്സലുകൾ കൂടി ഒരു വർഷത്തിനുള്ളിൽ നിർമ്മിക്കുന്നതിനുള്ള ഓപ്ഷനും ഈ ഓർഡറിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ